**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി**
(ഹാജർ :– കെ.ബി. വത്സലകുമാരി)

വിഷയം: കുടുംബശ്രീ – സാന്ത്വനം പദ്ധതി – പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

***Order No. KS-D -5646/2011 dated 26 /04/2013***

കുടുംബശ്രീ സംരംഭകർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനോടൊപ്പം ആരോഗ്യസംരക്ഷണം കുറഞ്ഞ ചെലവിൽ എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ആരംഭിച്ച സൂക്ഷ്മസംരംഭമാണ് സാന്ത്വനം. നിലവിൽ ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാന്ത്വനം പദ്ധതി നിലനിർത്തുന്നതിനും കൂടുതൽ പേരെ സാന്ത്വനം തൊഴിൽ രംഗത്തെത്തിക്കുന്നതിനുമായി ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ–ഓർഡിനേറ്റർമാർക്കും

പകർപ്പ്
സ്റ്റോക്ക്/ സ്പെയർ

അംഗീകാരത്തോടെ,
(ഒപ്പ്)

അക്കൗണ്ട്സ് ഓഫീസർ

# സാന്ത്വനം പദ്ധതിയ്ക്കുള്ള പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ

## 1. ആമുഖം

സമൂഹത്തിലെ കാലിക വികസന പ്രശ്നങ്ങൾ പരിഹരിക്കുകയും അതോടൊപ്പം സംരംഭ സാധ്യതകൾ ആരായുകയും ചെയ്യുകയെന്ന കുടുംബശ്രീ സമീപനത്തിന്റെ ഫലമാണ് സാന്ത്വനം. ജീവിതശൈലീരോഗങ്ങൾ നിർണ്ണയിക്കുകയും ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുകയും ചെയ്യുന്ന സേവന തൊഴിലാണിത്. കുടുംബശ്രീയും ഹാപ്പും (HAP – Health Action by People) ചേർന്ന് കുടുംബശ്രീ സംരംഭകർക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതോടൊപ്പം ഉയർന്ന ആരോഗ്യ സംരക്ഷണം കുറഞ്ഞ ചെലവിൽ എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ആരംഭിച്ച സൂക്ഷ്മസംരംഭമാണ് സാന്ത്വനം. സേവനമേഖലയിലുള്ള ഇത്തരം ഒരു ഇടപെടൽ ദേശീയ തലത്തിൽ ഏറെ ശ്രദ്ധയാകർഷിച്ചു വരുന്നുണ്ട്. മികച്ച സേവനം നൽകാനുള്ള സന്നദ്ധതയും ആർജ്ജവുമുള്ള സാന്ത്വനം പ്രവർത്തകയ്ക്ക് മികച്ച വരുമാനം സ്വായത്തമാക്കാൻ കഴിയുന്നുവെന്ന് അനുഭവങ്ങൾ വ്യക്തമാക്കുന്നു.

ആരോഗ്യരംഗത്തെ മാറ്റങ്ങൾ ജീവിതശൈലി രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിന് ഹാപ്പും, കുടുംബശ്രീ മിഷനും ശ്രമിക്കുന്നുണ്ട്. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളും ആവശ്യങ്ങളും പ്രായോഗികതലത്തിൽ സമയബന്ധിതമായി കൊണ്ടുവരുന്നതിനാണ് കുടുംബശ്രീ മിഷൻ ശ്രമിക്കുന്നത്. നിലവിൽ ഈ രംഗത്ത് നിൽക്കുന്ന സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് സംരംഭകരുടെ കൊഴിഞ്ഞ് പോക്ക് തടയാൻ സഹായകമായ ചില നടപടികൾ സ്വീകരിക്കാൻ കുടുംബശ്രീ മിഷൻ തീരുമാനിച്ചിട്ടുണ്ട്. സാന്ത്വനം പദ്ധതി നിലനിർത്തുന്നതിനും കൂടുതൽ പേരെ സാന്ത്വനം തൊഴിൽരംഗത്തെത്തിക്കുന്നതിനും സ്പഷ്ടവും സമഗ്രവുമായ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമാണ്.

സംരംഭകരെ കണ്ടെത്തൽ, അവർക്കാവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കൽ, പ്രവർത്തനം വിലയിരുത്തൽ തുടങ്ങി സാന്ത്വനം സംരംഭകരുടെ ആരോഗ്യത്തിനാവശ്യമായ ഇൻഷുറൻസ് കരുതൽ തുടങ്ങിയ പലമേഖലകളിലും

കുടുംബശ്രീ മിഷന്റെ പിന്തുണ അനിവാര്യമാണ്. ഇതു ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

## 2. സാന്ത്വനം – ഗ്രൂപ്പ് സംവിധാനം ആക്കുന്നതിന്റെ ലക്ഷ്യങ്ങൾ

- സാന്ത്വനം പ്രവർത്തകർക്ക് ആരംഭഘട്ടത്തിലും പ്രവർത്തനവേളയിലും ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം മനസ്സിലാക്കി പരിഹരിക്കൽ
- സാന്ത്വനം രംഗത്തെ കൊഴിഞ്ഞുപോക്ക് കുറക്കുക
- സാന്ത്വനം പ്രവർത്തകരിലൂടെ കുടുംബശ്രീ കുടുംബങ്ങൾക്കും സമൂഹത്തിനും കുറഞ്ഞ ചിലവിൽ ആരോഗ്യസേവനം ഉറപ്പുവരുത്തൽ
- സാന്ത്വനം പ്രവർത്തകരുടെ ജീവനും ആസ്തികൾക്കും പരിരക്ഷ ഏർപ്പെടുത്തൽ

## 3. സാന്ത്വനം – തെരഞ്ഞെടുപ്പ് രീതി

കുടുംബശ്രീ മിഷനോ സർക്കാരോ നൽകുന്ന തൊഴിൽ അല്ല സാന്ത്വനം. മറിച്ച് മറ്റേത് സംരംഭം പോലെയും സന്നദ്ധത, കഠിനാദ്ധ്വാനം, കൃത്യനിഷ്ഠത എന്നിവ അടിസ്ഥാനമാക്കിയ സേവനമേഖലയിലെ ഒരു തൊഴിൽ സംരംഭമാണ്. അതിനാൽ സാന്ത്വനം പദ്ധതിയെക്കുറിച്ച് നന്നായി അറിഞ്ഞ് യഥോചിതം പ്രവർത്തിക്കുവാൻ സന്നദ്ധരായ വ്യക്തികൾ സംരംഭകരാകുന്നതാണ് ഉചിതം. ഇത്തരത്തിലുള്ള സാന്ത്വനം പ്രവർത്തകരെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക മാർഗ്ഗ രീതി ആവശ്യമാണ്.

- **ജി.ഒ.റ്റി.** – സാന്ത്വനം വോളണ്ടീയർമാരെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക ജി.ഒ.റ്റി. നടത്തേണ്ടതാണ്. ഓരോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും താഴെപ്രതിപാദിച്ചിരിക്കുന്ന യോഗ്യതകളുള്ള വ്യക്തികൾക്കായിരിക്കണം ജി.ഒ.റ്റി. നൽകേണ്ടത്.

  - ജില്ലയിലുള്ള എം.ഇ. കൺസൽട്ടന്റും നിലവിലുള്ള സാന്ത്വനം വോളണ്ടയീറും സംയുക്തമായി വേണം ഒരു ദിവസത്തെ ജി.ഒ.റ്റി. നടത്തുവാൻ

- പ്രസ്തുത എം.ഇ. കൺസൾട്ടന്റ് ഹാപ്പിന്റെ പ്രത്യേക പരിശീലനം സിദ്ധിച്ച വ്യക്തിയായിരിക്കണം

- പരിശീലനം നൽകുവാൻ തെരഞ്ഞെടുക്കുന്ന സാന്ത്വനം വോളണ്ടിയർ പ്രസ്തുത മേഖലയിൽ വിജയം കൈവരിച്ച വ്യക്തിയായിരിക്കണം. അതത് ജില്ലകളിലെ സാന്ത്വനം വോളണ്ടിയർ അതാത് ജില്ലകളിൽ തന്നെ പരിശീലനം നൽകേണ്ടതില്ല.

  - **മാർക്കറ്റ് സ്റ്റഡി**

- ഇത്തരം ജി.ഒ.റ്റി. പരിശീലനം പൂർത്തിയാക്കിയ വ്യക്തികളുടെ നേതൃത്വത്തിൽ ഒരു 'മാർക്കറ്റ് സർവ്വേ' നടത്തേണ്ടതാണ്. പരിശീലനം കഴിയുമ്പോൾ മാർക്കറ്റ് സാധ്യതാ പഠനത്തിനുള്ള ഫോറം സംരംഭകർക്ക് നൽകേണ്ടതാണ് (മാതൃക അനുബന്ധമായി ചേർത്തിട്ടുണ്ട്). പരിശീലനം പൂർത്തിയാക്കിയ വ്യക്തികൾ പ്രസ്തുത ഫോറത്തിന്റെ സഹായത്തോടെ തൊഴിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന പഞ്ചായത്ത്/നഗരസഭ പ്രദേശത്ത് സർവ്വേ നടത്തി സേവനം ആവശ്യമുള്ളവരുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിൽ സേവനസാദ്ധ്യതയുള്ള വ്യക്തികളെയും അവസരങ്ങളും കണ്ടെത്താനും അതിലൂടെ സംരംഭത്തിനുള്ള സാധ്യത തിരിച്ചറിയാനും സാധിക്കും.

- മാർക്കറ്റ് സർവ്വേ പൂർത്തിയാക്കി സംരംഭ മേഖലയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായ വ്യക്തികൾക്കായിരിക്കണം ഇ.ഡി.പി.യും വൈദഗ്ദ്ധ്യ പരിശീലനവും നൽകേണ്ടത്.

3.1 യോഗ്യത

സയൻസ് ബിരുദധാരികൾക്കാണ് മുൻഗണന. ഇവർ കുടുംബശ്രീ കുടുംബത്തിൽപ്പെട്ടവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

സയൻസ് ബിരുദധാരികൾ ഇല്ലാത്തപക്ഷം പ്ലസ്ടുവെങ്കിലും അടിസ്ഥാന യോഗ്യതയുണ്ടായിരിക്കേണ്ടതും സയൻസ് ഒരു വിഷയമായി പഠിച്ചിരിക്കേണ്ടതുമാണ്.

3.2 ഒരു പഞ്ചായത്തിൽ നിന്നും രണ്ടുപേർ എന്ന നിലയിലും നഗരങ്ങളിൽ 5 മുതൽ 10 പേർ വരെയെന്ന നിലയിലും സംരംഭകരെ കണ്ടെത്താം.

3.3 ഗ്രൂപ്പ് രൂപീകരണം

നിലവിലുള്ള സാന്ത്വനം പ്രവർത്തകർ വ്യക്തിഗതസംരംഭമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഗ്രൂപ്പ് സംരംഭങ്ങളായാൽ പ്രശ്നങ്ങൾ പരിഹരിക്കൽ, തൊഴിൽ സാധ്യത കണ്ടെത്തൽ, പ്രായോഗിക പ്രശ്നങ്ങൾ കൂട്ടായി പരിഹാരം കാണൽ, സേവന ഗുണനിലവാരം ഉയർത്തുന്നതിനുമുള്ള തുടർ വിദ്യാഭ്യാസ പരിപാടികൾ ആവിഷ്കരിക്കൽ എന്നിവ കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയും. അതിനാൽ സാന്ത്വനം ഗ്രൂപ്പ് സംരംഭമായി മാറ്റുന്നതാണ് അഭികാമ്യം. എന്നാൽ പ്രവർത്തനങ്ങളും വരുമാനവും വ്യക്തിഗത സംരംഭത്തിലേതുപോലെ തുടരേണ്ടതുമാണ്.

❖ ഗ്രൂപ്പാക്കുന്നതിന്റെ മാനദണ്ഡം

- ഓരോ ഗ്രൂപ്പിലും 5 മുതൽ 10 വരെ അംഗങ്ങളാകാം.
- ഒരേ ബ്ലോക്കിൽ നിന്നോ അടുത്തടുത്ത ബ്ലോക്കുകളിൽ നിന്നോ അംഗങ്ങളെ ചേർക്കാവുന്നതാണ്. ഒന്നിച്ചുകൂടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും സൗകര്യപ്രദമായ രീതിയിൽ വേണം ഗ്രൂപ്പ് രുപീകരണം.
- പരസ്പര സഹകരണവും ഗ്രൂപ്പാകാൻ താൽപ്പര്യവുമുള്ള വ്യക്തികളെ വേണം ഗ്രൂപ്പാക്കാൻ.
- അംഗങ്ങൾ തമ്മിൽ ഇന്റർസേ കരാർ ഉണ്ടാക്കേണ്ടതാണ്.
- ഇത്തരം ഗ്രൂപ്പുകൾ സംസ്ഥാനമിഷനിൽ അഫിലിയേറ്റ് ചെയ്യേണ്ടതും അതിനുള്ള നേതൃത്വം ജില്ലാമിഷൻ നടത്തേണ്ടതുമാണ്. (അഫിലിയേഷൻ ഫോർമാറ്റിന്റെ മാതൃക അനുബന്ധമായി നൽകിയിട്ടുണ്ട്)
- ഓരോ ഗ്രൂപ്പിനും പ്രസിഡന്റും സെക്രട്ടറിയും ഉണ്ടായിരിക്കേണ്ടതാണ്. 3 വർഷത്തിലൊരിക്കൽ ഭാരവാഹിത്വം മാറേണ്ടതും ഗ്രൂപ്പിന്റെ താൽപ്പര്യാനുസരണം പുതിയ

പ്രസിഡന്റിനെയും സെക്രട്ടറിയെയും ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കേണ്ടതുമാണ്. ഔദ്യോഗിക സ്ഥാനത്തു നിന്ന് മാറുന്നതിന് മുമ്പ് അക്കൗണ്ട് ഓഡിറ്റ് ചെയ്യുകയും പുതിയ ഭാരവാഹികൾക്ക് കണക്കുകൾ കൈമാറുകയും ചെയ്യേണ്ടതാണ്.

- ഗ്രൂപ്പിന്റെ പേരിൽ പ്രത്യേകം ജോയിന്റ് എസ്.ബി.ഐ. അക്കൗണ്ട് ആരംഭിക്കണം.
- നിലവിലുള്ള അംഗങ്ങൾക്കും ഇത്തരത്തിൽ ഗ്രൂപ്പായി മാറാവുന്നതാണ്.

3.4 ഗ്രൂപ്പിന്റെ ധനവിനിയോഗം

- ഓരോ സാന്ത്വനം വോളണ്ടീയറും കുറഞ്ഞത് 500 രൂപയെങ്കിലും മാസം റിസർവ്വ് ഫണ്ടായി അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് ഉചിതമായിരിക്കും. എന്നാലും മിനിമം തുക ഗ്രൂപ്പിന്റെ തീരുമാനപ്രകാരം നിശ്ചയിക്കാവുന്നതാണ്. ഇത്തരത്തിൽ ഈ കരുതൽ ധനം റിസർവ്വ് ഫണ്ടായി ഗ്രൂപ്പ് അംഗങ്ങളുടെ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. വാഹനത്തിന്റെ റിപ്പയറിംഗ്, മെഷീനുകൾ നന്നാക്കുക, പുതിയ മെഷീനുകൾ വാങ്ങുക, പരിശോധനാ സ്ട്രിപ്പുകൾ വാങ്ങുക തുടങ്ങിയ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള റിസർവ്വ് ഫണ്ട് ഓഹരിവയ്ക്കുവാൻ പാടുള്ളതല്ല.
- ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് തുടങ്ങിയവ ഇപ്രകാരം ഗ്രൂപ്പായ സാന്ത്വനം വോളണ്ടീയർമാർക്ക് അർഹതയുണ്ടായിരിക്കും.
- ഇപ്രകാരം ലഭ്യമാകുന്ന തുക ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ഗ്രൂപ്പിന്റെ പൊതുവായ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

3.5 പരിശീലനങ്ങൾ

- പുതിയതായി തെരഞ്ഞെടുക്കുന്ന സാന്ത്വനം വോളണ്ടീയർമാർ മേൽ പ്രതിപാദിച്ച ജി.ഒ.റ്റി.യും നിർബന്ധമായും പങ്കെടുത്തവരായിരിക്കണം. അതിനുശേഷം 7 ദിവസത്തെ ഇ.ഡി.പി.യും, വൈദഗ്ധ്യ പരിശീലനവും സിദ്ധിച്ചവരായിരിക്കണം. കുടുംബശ്രീയും ഹാപ്പും ചേർന്നാണ് ഈ 7 ദിവസത്തെ പരിശീലനം നടത്തുന്നത്.

3.6 പ്രവർത്തന പുരോഗതി അവലോകനവും വിലയിരുത്തലും

സാന്ത്വനം വേളണ്ടീയർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവർക്കാവശ്യമായ പിന്തുണാസഹായം ലഭ്യമാക്കുന്നതിനും ഗ്രൂപ്പ്, ജില്ലാ–സംസ്ഥാന തലങ്ങളിൽ വിലയിരുത്തൽ നടത്തേണ്ടതാണ്.

3.7 ചുമതലകൾ

- സംസ്ഥാനമിഷൻ
  - ✓ സംസ്ഥാനമിഷൻ വർഷത്തിലൊരിക്കൽ സാന്ത്വനം വോളണ്ടീയർമാരുടെ പ്രവർത്തനക്ഷമതയും സേവനസന്നദ്ധതയും വിലയിരുത്തേണ്ടതാണ്. വരുമാനം, സാങ്കേതിക വൈദഗ്ധ്യം, ആർജ്ജിച്ച ആസ്തികളും സ്വായത്തമാക്കിയ കഴിവുകളും വിലയിരുത്തേണ്ടതാണ്.
  - ✓ അഫിലിയേറ്റ് ചെയ്യുന്ന ഗ്രൂപ്പുകളുടെയും വ്യക്തികളുടെയും വിവരങ്ങൾ സംസ്ഥാനതലത്തിൽ ഒരു ഡേറ്റാബേസ് ഉണ്ടാക്കേണ്ടതും കുടുംബശ്രീ എം.ഐ.എസ്സുമായി ബന്ധപ്പെടുത്തേണ്ടതുമാണ്. അഫിലിയേറ്റ് ചെയ്ത ഗ്രൂപ്പുകൾക്ക് ഒരു യുണിക് ഐഡന്റിഫിക്കേഷൻ നമ്പർ (UID) നൽകേണ്ടതാണ്.
- ജില്ലാമിഷൻ
  - ✓ സാന്ത്വനം വോളണ്ടിയർമാരെ ഗ്രൂപ്പുകളാക്കി അഫിലിയേറ്റ് ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം ജില്ലാമിഷനാണ്.

- ✓ മാസത്തിലൊരിക്കൽ ബ്ലോക്കടിസ്ഥാനത്തിലോ ജില്ലാടിസ്ഥാനത്തിലോ വോളണ്ടീയർമാരുടെ എണ്ണം കണക്കിലെടുത്ത് സാന്ത്വനം വോളണ്ടീയർമാരുടെ വിലയിരുത്തൽ യോഗം നടത്തേണ്ടതാണ്. ഈ യോഗങ്ങളിൽ ഇവർ നേരിടുന്ന പ്രശ്നങ്ങൾ, സാമ്പത്തിക ക്രയവിക്രയങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതും ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

- ✓ സാന്ത്വനം പ്രവർത്തകരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും സംരംഭകരുടെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിനും സി.ഡി.എസ്സിന്റെ നേതൃത്വപരമായ പങ്കാളിത്തം ഉണ്ടാകണം. ഇതിനാവശ്യമായ വിദ്യാഭ്യാസം സിഡിഎസ്സ് കമ്മിറ്റിക്ക് നൽകാവുന്നതാണ്.

- ✓ സിഡിഎസ്സിലൂടെ പഞ്ചായത്ത്/നഗരസഭ പ്രദേശത്ത് അവബോധം സൃഷ്ടിക്കുകയും ഇപ്രകാരം സാന്ത്വനം പ്രവർത്തകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

- ✓ കുടുംബശ്രീ മാസചന്തകളിൽ സാന്ത്വനം വോളണ്ടീയർമാരെ നിർബന്ധമായും ഉൾപ്പെടുത്തുക.

- ✓ സാന്ത്വനം വോളണ്ടീയർമാരുടെ പ്രവർത്തനങ്ങൾ പി.എച്ച്.സി.കളിലെ ഡോക്ടർമാർക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രത്യേക യോഗങ്ങൾ പഞ്ചായത്ത്/നഗരസഭകളുടെ സഹകരണത്തോടെ നടത്തുക.

➢ ഹാപ്പ്

- ✓ സാന്ത്വനം വോളണ്ടീയർമാർക്ക് ഫീൽഡ് തലത്തിൽ ഉപയുക്തമായ ലഘുലേഖകൾ, ബുക്കുകൾ എന്നിവ നൽകുക

- ✓ മൂന്നുമാസത്തിലൊരിക്കൽ സാന്ത്വനം വോളണ്ടീയർമാരുടെ സാങ്കേതിക പരിജ്ഞാനം വിലയിരുത്തുക.

- ✓ 6 മാസത്തിലൊരിക്കൽ സാന്ത്വനം വോളണ്ടീയർമാരുടെ സോണൽ (സംസ്ഥാനതലത്തിൽ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ) മീറ്റിംഗ് നടത്തേണ്ടതും പ്രസ്തുത മീറ്റിംഗുകളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും ആരോഗ്യരംഗത്തെ മാറ്റങ്ങളെ സംബന്ധിച്ചുമുള്ള ക്ലാസ്സുകൾ നൽകുക.

- ✓ വർഷത്തിലൊരിക്കൽ മെഷീൻ, കാലിബ്രേഷൻ നടത്തി, കാലിബ്രേഷൻ സർട്ടിഫിക്കറ്റ് വോളണ്ടീയർമാർക്ക് നൽകുക.

- ✓ ആവശ്യമായ സ്ട്രിപ്പുകൾ, ഇതര ഉപകരണങ്ങൾ എന്നിവ സമയബന്ധിതമായി നൽകുക.

- ✓ മെഷീൻ റിപ്പയർ ആവശ്യമായി വരുന്ന അവസരങ്ങളിൽ യഥാസമയം റിപ്പയർ ചെയ്ത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക

- ✓ സാന്ത്വനം വോളണ്ടീയർമാർ നൽകുന്ന രോഗികളുടെ വിവരങ്ങൾ എം.ഐ.എസ്. ആക്കുകയും അടുത്ത ടെസ്റ്റ് നടത്തുന്നതിനുള്ള തീയതിയും വിവരങ്ങളും എസ്.എം.എസ്. മൂലം വോളണ്ടീയർമാരെ അറിയിക്കുന്നതിനുള്ള സാധ്യതകൾ വികസിപ്പിക്കുക, നടപ്പിലാക്കുക.

- സിഡിഎസ്
    - ✓ സാന്ത്വനം വോളണ്ടീയർമാരുടെ പേരും ഫോൺ നമ്പറും സിഡിഎസ് ഓഫീസിലും പഞ്ചായത്ത്/നഗരസഭ നോട്ടീസ് ബോർഡിലും ഡിസ്പ്ലേ ചെയ്യുക
    - ✓ വാർഡ് തലത്തിൽ ആഴ്ചയിലൊരിക്കലോ രണ്ടാഴ്ചയിലൊരിക്കലോ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുക
- സാന്ത്വനം വോളണ്ടീയർമാർ
    - ✓ സാന്ത്വനം വോളണ്ടീയർമാർ തങ്ങൾ സന്ദർശിക്കുന്ന രോഗികളുടെ വിവരങ്ങൾ ശേഖരിച്ച് നടത്തിയ ടെസ്റ്റുകളുടെ വിവരങ്ങൾ, നടത്തിയ തീയതി തുടങ്ങിയവ ഹാപ്പിന് ലഭ്യമാക്കണം.

3.8 പദ്ധതി ചെലവ്

സംരംഭകർക്ക് വേണ്ടി വരുന്ന ഉപകരണങ്ങളും സ്കൂട്ടർ മൊബൈൽ ഫോൺ എന്നിവയടക്കം 60,000/- രൂപ അടങ്കൽ പ്രതീക്ഷിക്കുന്നു. ഇതിൽ 7500/- രൂപ സബ്സിഡിയായും, ശേഷിക്കുന്ന തുക ബാങ്ക് വായ്പയും ഗുണഭോക്തൃവിഹിതവുമായി ലഭ്യമാക്കുന്നു.

3.9 ഗ്രൂപ്പ് ഇൻഷുറൻസ്

സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് അസംഘടിത വിഭാഗത്തിലുള്ളവർക്കായി സർക്കാർ ഒരുക്കിയിട്ടുള്ള സ്വാവലംബൻ പദ്ധതിയിലും, AABY + Janasree Bima Yojana പദ്ധതികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് ഉചിതമായിരിക്കും. എൽ.ഐ.സി.ഓഫ് ഇന്ത്യയുടെ ഡിവിഷണൽ ഓഫീസുകളിൽ ഇതിനുള്ള സേവനം ലഭ്യമാണ്. ഇതിനുള്ള നേതൃത്വം ഗ്രൂപ്പിന്റെ സെക്രട്ടറി നൽകേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**അനുബന്ധം 1**

# സാന്ത്വനം
## മാർക്കറ്റ് സർവ്വേ ഫോറം

ജില്ല :　　　　　　　　　　　　　　　　　　　　　　സ്ഥലം :

തദ്ദേശസ്വയംഭരണസ്ഥപനം :　　　　　　　　　　　　　വീട്ട് നമ്പർ :

വാർഡ് :　　　　　　　　　　　　　　　　　　　　　കുടുംബനാഥ/ൻ:

| ക്രമ നം | പേര് | വയസ്സ് | സ്ത്രീ/ പുരുഷൻ | വിദ്യാഭ്യാസം | തൊഴിൽ |
|---|---|---|---|---|---|
| 1. | | | | | |
| 2. | | | | | |
| 3. | | | | | |
| 4. | | | | | |
| 5. | | | | | |
| 6. | | | | | |

7. ഏതെങ്കിലും ജീവിതശൈലിരോഗങ്ങൾ കുടുംബാംഗങ്ങൾക്ക് ഉണ്ടോ? ഉണ്ടെങ്കിൽ ഏത്? (ബിപി, ഷുഗർ, കൊളസ്ട്രോൾ)

8. ഇപ്പോൾ പരിശോധനകൾക്കായി സ്വീകരിക്കുന്ന മാർഗ്ഗം? (പ്രൈവറ്റ ലാബ്, പി.എച്ച്.സി, ഗവൺമെന്റ് ലാബ്)

9. എത്ര കാലയളവിലാണ് പരിശോധനകൾ നടത്താറുള്ളത്?

10. നിലവിൽ പരിശോധനകൾക്കായി നൽകുന്ന തുക? (ബി.പി........................, ഷുഗർ......................, കൊളസ്ട്രോൾ............)

11. വീടുകളിൽ വന്ന് രക്തപരിശോധന നടത്തുന്ന രീതി താങ്കൾക്ക് സ്വീകാര്യമാണോ?

    എ. ഉണ്ടെങ്കിൽ എന്തുകൊണ്ട് ?

    ഏ. ഇല്ലെങ്കിൽ എന്തുകൊണ്ട് ?

12. സാന്ത്വനം പദ്ധതിയെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ?

**അനുബന്ധം 2**

# അപേക്ഷ ഫോറം

| | |
|---|---|
| 1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : | |
| 2. യൂണിറ്റിന്റെ പേരും അഡ്രസ്സും : | |
| 3. പ്രസിഡന്റിന്റെ പേരും അഡ്രസ്സും ഫോൺ നമ്പറും : | |
| 4. സെക്രട്ടറിയുടെ പേരും അഡ്രസ്സും ഫോൺ നമ്പറും : | |
| 5. ഗ്രൂപ്പിലെ അംഗങ്ങളുടെ എണ്ണം : | |

**12. ഗ്രൂപ്പ് അംഗങ്ങളുടെ വിശദാംശങ്ങൾ താഴെപറയുന്ന മാതൃകയിൽ നൽകുക:-**

| ഓരോ അംഗത്തിന്റെയും വിശദാംശങ്ങൾ | പാസ്പോർട്ട് സൈസ് ഫോട്ടോ | ഒപ്പ് |
|---|---|---|
| പേര് :<br>ഫോൺ നമ്പർ :<br>പോളിസി നമ്പർ :<br>അയൽക്കൂട്ടത്തിന്റെ പേര് :<br>സി.ഡി.എസ്സിന്റെ പേര് :<br>എ.ഡി.എസ്സിന്റെ പേര് : | | |

**13. അഫിലിയേഷൻ ലഭിക്കുന്ന യൂണിറ്റുകൾ താഴെപറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്**

1. ഹാപ്പിന്റെ സഹായത്തോടുകൂടിയുള്ള ജില്ലാമിഷന്റെ കർശനമായ മേൽനോട്ടം ഉണ്ടായിരിക്കുന്നതാണ്.
2. യൂണിറ്റുകൾ കുടുംബശ്രീ അനുശാസിക്കുന്നതും നിയമപരവുമായ നിബന്ധനകൾ വീഴ്ചയില്ലാതെ നിർവ്വഹിക്കേണ്ടതാണ്.

3. അഫിലിയേഷൻ ലഭിച്ച യൂണിറ്റുകളുടെ സേവന നിലവാരം വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള മേൽനോട്ടം ഹാപ്പും മിഷനും സംയുക്തമായി നിർവ്വഹിക്കുന്നതാണ്.
4. യൂണിറ്റുകൾ ഒരു നിശ്ചിത തുക റിസർവ്വ് ഫണ്ടായി സ്വരൂപിക്കേണ്ടതും. ആയത് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

## 14. യൂണിറ്റിന്റെ സത്യപ്രസ്താവന

അഫിലിയേഷനുള്ള അപേക്ഷ ഇതിനാൽ സമർപ്പിക്കുന്നു. പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണെന്ന് ഇതിനാൽ ബോധ്യപ്പെടുത്തികൊള്ളുന്നു. കൂടാതെ മേൽപ്രസ്താവിച്ചിട്ടുള്ള അഫിലിയേഷൻ ലഭിക്കുന്ന യൂണിറ്റുകൾ പാലിക്കേണ്ട വ്യവസ്ഥകളും അംഗീകരിച്ചുകൊള്ളുന്നു.

പ്രസ്തുത വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം അഫിലിയേഷൻ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ കുടുംബശ്രീ മിഷന് സ്വീകരിക്കാവുന്നതാണ് എന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

തിയതി: യൂണിറ്റ് പ്രസിഡന്റിന്റെ പേര്

ഒപ്പ്:

ഓഫീസ് സീൽ

യൂണിറ്റ് സെക്രട്ടറിയുടെ പേര് :

ഒപ്പ് :

## 15. സി.ഡി.എസ്സ് സാക്ഷ്യപത്രം

മേൽ പ്രസ്താവിച്ചിട്ടുള്ള ഗ്രൂപ്പംഗം ഈ സി.ഡി.എസ്സിനു കീഴിലുള്ള കുടുംബശ്രീ ഗ്രൂപ്പിന്റേതാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തികൊള്ളുന്നു.

തിയതി: സി.ഡി.എസ്സ് ചെയർപേഴ്സന്റെ പേര്

ഒപ്പ്:

ഓഫീസ് സീൽ

മെമ്പർ സെക്രട്ടറിയുടെ പേര് :

ഒപ്പ് :

**16. ജില്ലാമിഷന്റെ ശുപാർശ**

പ്രസ്തുത സാന്ത്വനം ഗ്രൂപ്പിന് അഫിലിയേഷൻ നൽകാവുന്നതാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തിയതി: ഡി.എം.സി യുടെ പേര്

ഒപ്പ്:

ഓഫീസ് സീൽ

**17. ഓഫീസ് ആവശ്യത്തിനു മാത്രം**

**UID No.**

തിയതി: നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്

ഒപ്പ്:

ഓഫീസ് സീൽ